പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4244

17.05.2017-ൽ മറുപടിയ്ക്ക്

## വാഹന പരിശോധനയുടെ പേരിൽ യാത്രക്കാരെ പോലീസുകാർ ആക്രമിച്ച് പരിക്കേല്പിക്കുന്ന സംഭവങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വാഹന പരിശോധനയുടെ പേരിൽ ബൈക്ക് യാത്രക്കാരെ പോലീസുകാർ ആക്രമിച്ച് പരിക്കേൽപിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്താകെയായി രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 24.03.2017 ൽ വാഹന പരിശോധന യ്ക്കിടെ പോലീസ് ലാത്തി എറിഞ്ഞ് വീഴ്തിയതിനെത്തുടർന്ന് ഇലിപ്പക്കുളം നാമ്പുകുളങ്ങര കൊപ്പാറപടീറ്റതിൽ നിസ്സാമുദീന് പരിക്ക് പറ്റിയിരുന്നതായി അറിയാമോ ; എങ്കിൽ ഇക്കാര്യത്തിൽ കുറ്റക്കാരനായ സിവിൽ പോലീസ് ഓഫീസർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; | (ബി) | ഈ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25.03.2017-ൽ വൈകിട്ട് 7.00 മണിക്കു ശേഷം വള്ളിക്കുന്നം സ്റ്റേഷൻ ഹൗസ് ഓഫീസറും സംഘവും ചൂനാട് ജംഗ്ഷനു സമീപം വാഹന പരിശോധന നടത്തിവരവെ മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ട് വാഹനം ഓടിച്ചു വന്ന നിസാമുദീൻ എന്ന യുവാവ് പോലീസ് ജീപ്പ് കണ്ട് വെട്ടി തിരിച്ചു പോകാൻ ശ്രമിക്കവെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സി.പി.ഒ 6878 കണ്ണൻ നിസാമുദീനെ തടയുന്നതിനു വേണ്ടി കൈയിലിരുന്ന വടി വീശിയ തിന്റെ ഭാഗമായി തലയ്ക്കു പിറകിലായി പരിക്കേറ്റ് ശ്രീ.നിസാമുദീൻ എന്ന യുവാവ് ആശുപത്രിയിൽ അഡ്മിറ്റാകാൻ ഇടയായ ദൗർഭാഗ്യകരമായ സംഭവത്തെ തുടർന്ന് വാഹന പരിശോധന നടത്തുന്ന പോലീസ് |

| | |
|---|---|
| | ഉദ്യോഗസ്ഥർ പാലിക്കേണ്ട മര്യാദകൾ സംബന്ധിച്ച ഡിപ്പാർട്ട്മെന്റ് സർക്കുലറുകൾക്കും, ചട്ടങ്ങൾക്കും വിരുദ്ധമായി നിരുത്തരവാദപരമായി പ്രവർത്തിച്ച സി.പി.ഒ 6278 കണ്ണനെ ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ. എച്ച്1/പി.ആർ/919/2017 തീയതി 25.03.2017 പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (സി) കഴിഞ്ഞ വർഷം കൊല്ലത്ത് ബൈക്ക് യാത്രികനെ സമാന രീതിയിൽ വോക്കിടോക്കി എറിഞ്ഞ് പരിക്കേൽപിച്ച പോലീസ് ഉദ്യോഗസ്ഥനെതിരെ എന്ത് ശിക്ഷാ നടപടിയാണ് കൈക്കൊണ്ടത് എന്ന് അറിയിക്കുമോ ? | (സി) കുറ്റക്കാരനായ പോലീസ് ഉദ്യോഗസ്ഥനെ അച്ചടക്ക നടപടിയുടെ ഭാഗമായി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നം. എച്ച്2/41774/16ക്യു തീയതി 05.08.2016 പ്രകാരം എ.അർ.സി.പി.ഒ 6665 ശ്രീ.മാഷ്ദാസിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും തുടർന്ന് പി.എച്ച്.ക്യു ഉത്തരവ് നം.ജി 59995/2016 തീയതി 03.10.2016 പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. ടിയാനെതിരെയുള്ള വകുപ്പുതല നടപടി നടന്നു വരികയാണ്. കൂടാതെ ടി പോലീസ് ഉദ്യോഗസ്ഥനെതിരായി കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 2548/2016 u/s 338 IPC പ്രകാരം ബഹു. കോടതി മുൻപാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ